(ബി) പ്രസവത്തിനുവേണ്ടി അടിയന്തിരമായി ആശുപത്രിയിൽ എത്തിക്കേണ്ട സ്ത്രീകൾക്ക് ആപത്തുണ്ടാകും എന്ന കാര്യം പരിഗണിച്ച് ഈ റോഡ് സത്വരമായി നന്നാക്കുവാൻ ഗവൺമെന്റ് നടപടികൾ എടുക്കുമോ?

ഉത്തരം

(എ) അറിയാം.

(ബി) ഈ റോഡ് തിരുവനന്തപുരം നഗരസഭയുടെ അധീനതയിലുള്ളതാണ്. റോഡ് നന്നാക്കുന്നതിനുള്ള നടപടികൾ നഗരസഭ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. റോഡുനന്നാക്കുന്നതിനുള്ള കീൽ (ബിറ്റുമിൻ, ടാർ) ഇപ്പോൾ ലഭ്യമാകാത്തതുകൊണ്ടാണ് റോഡ് നന്നാക്കൽ പണി മന്ദീഭവിച്ചിരിക്കുന്നത്. കീൽ ഉടൻതന്നെ ലഭിക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

സ്പോർട്സ് കൗൺസിൽ നൽകുന്ന പ്രോത്സാഹനങ്ങൾ

1194 [1906] ശ്രീ. കെ. ടി. കുമാരൻ:
ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പോർട്സ് കൗൺസിൽ കായികതാരങ്ങൾക്ക് നൽകുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാം?

ഉത്തരം

സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന പ്രഗത്ഭരായ കായികതാരങ്ങൾക്ക് സ്കോളർഷിപ്പുകൾ നൽകുക, എഞ്ചിനിയറിംഗ്, മെഡിസിൻ ഉൾപ്പെടെ 10 വിവിധ കോഴ്സുകളിലേക്ക് പ്രവേശനത്തിന് സ്പോർട്സ് ക്വാട്ടയിൽ സീറ്റുകൾ സംവരണം ചെയ്യുക, സർക്കാർ നിയമനത്തിൽ പ്രത്യേകം പരിഗണന നൽകുക, അഖിലേന്ത്യാ ചാമ്പ്യൻഷിപ്പിൽ വിജയികളാകുന്നവരെ മെഡൽ നൽകി പ്രത്യേകം ബഹുമാനിക്കുക, അന്തർസംസ്ഥാന ചാമ്പ്യൻഷിപ്പുകളിൽ സ്വർണ്ണമെഡൽ നേടുന്നവർക്ക് ക്യാഷ് അവാർഡ് നൽകുക എന്നിങ്ങനെ വിവിധ തരത്തിലുള്ള പ്രോത്സാഹനങ്ങൾ കായികതാരങ്ങൾക്ക് സംസ്ഥാന സ്പോർട്സ് കൗൺസിൽ നൽകിവരുന്നുണ്ട്. ഇതിനു പുറമെ, ഉന്നത നേട്ടങ്ങൾ കൈവരുത്തുന്ന കായികതാരങ്ങൾക്ക് ജി. വി. രാജാ ക്യാഷ് അവാർഡും (5000 രൂപ) നൽകിവരുന്നുണ്ട്.

മുറിഞ്ഞപുഴ-മതംപാ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ

1195 [1907] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഡിവിഷനിലെ മുറിഞ്ഞപുഴ-മതംപാ റോഡിന്റെ ഇംപ്രൂവ്മെന്റിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇൻവെസ്റ്റിഗേഷൻ ആൻഡ് പ്ലാനിംഗ് വിഭാഗത്തിലേക്ക് ഈ റോഡിന്റെ പ്രാരംഭം റഫർ ചെയ്തത് എന്നു തീയതിയിലാണ്;

LIBRARY ARCHIVES Kerala Legislative Assembly